"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - ശ്രീമതി.ബിന്ദു.വി.സി, പ്രധാനാധ്യാപിക, കാക്കൂർ എ.എൽ.പി സ്കൂൾ, കോഴിക്കോട് - പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

**G.O.(Rt)No.2577/2025/GEDN** തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:-
1. സ.ഉ. (പി) നം. 112/2017/ധന തിയതി 24.08.2017
2. ശ്രീമതി.ബിന്ദു.വി.സി സമർപ്പിച്ച 01/09/2022 തീയതിയിലെ അപേക്ഷ
3. ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/10/2022 ലെ സി/4393/2022, 18/03/2025 ലെ AEOBSY/2136/2024-C നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കാക്കൂർ എ.എൽ.പി സ്കൂളിലെ പ്രധാനാധ്യാപിക ശ്രീമതി. ബിന്ദു.വി.സി ഡ്യൂട്ടിക്കായി സ്കൂളിലേക്ക് പോകുമ്പോൾ സ്കൂളിന് മുൻവശത്തെ റോഡിൽ വച്ച് ഉണ്ടായ അപകടത്തിൽ ഗുരുതരമായി പരിക്ക് പറ്റിയതിനാൽ എടുക്കേണ്ടി വന്ന 74 ദിവസത്തെ അവധി സ്പെഷ്യൽ ഡിസബിലിറ്റി ലീവായി പരിഗണിക്കണം എന്ന് ആവശ്യപ്പെട്ട് പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ തുടർ നടപടിക്കായി പരാമർശം 3 പ്രകാരം ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. അപേക്ഷക ചട്ട പ്രകാരമുള്ള മെഡിക്കൽ സർ ട്ടിഫിക്കറ്റുകളും 30/09/2022 തീയതിയിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. ശ്രീമതി ബിന്ദു വി.സി-ക്ക് ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്ന് ബാലുശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കാക്കൂർ എ.എൽ.പി സ്കൂളിലെ പ്രധാനാധ്യാപിക ശ്രീമതി.ബിന്ദു.വി.സിക്ക് **18/07/2022 മുതൽ 29/09/2022 വരെ** കെ.എസ്.ആർ ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് കൊണ്ടും 30/09/2022 തീയതിയിലെ ഫിററ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കുന്നതിനാൽ അന്നേ ദിവസത്തേക്ക് ചട്ട പ്രകാരമുള്ള അവധി അപേക്ഷ വാങ്ങിയ ശേഷം ക്രഡിറ്റിലുള്ള അർഹതപ്പെട്ട അവധിയോ അല്ലാത്ത പക്ഷം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതന അവധിയോ അനുവദിക്കുന്നതിന് നിർദ്ദേശം നല്കി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**T MAYO BHASKAR**
**DEPUTY SECRETARY**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ബാലുശ്ശേരി, കോഴിക്കോട്
പ്രധാനാധ്യാപിക, കാക്കൂർ എ.എൽ.പി സ്കൂൾ, ചേലന്നൂർ, കോഴിക്കോട് - 673613
ശ്രീമതി ബിന്ദു വി.സി, കാക്കൂർ എ.എൽ.പി സ്കൂൾ, ചേലന്നൂർ, കോഴിക്കോട് - 673613
ഐ& പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 09-04-2025 17:05:54
സെക്ഷൻ ഓഫീസർ